# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1391 — 02.03.2017 ൽ മറുപടിയ്ക്ക്

**പട്ടയത്തിനുള്ള അപേക്ഷ**

**ചോദ്യം**

**ശ്രീമതി. യു. പ്രതിഭാ ഹരി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പട്ടയം അനുവദിച്ച് കിട്ടണം എന്ന ആവശ്യം സംബന്ധിച്ച് കായംകുളം അസംബ്ലി മണ്ഡലത്തിൽ കാർത്തികപ്പള്ളി താലൂക്ക്, പുതുപ്പള്ളി വില്ലേജിൽ, കീരിക്കാട് തെക്ക് മാവനാൽ പുതുവൽ വീട്ടിൽ ശ്രീ. ചോതി രാഘവൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) അപേക്ഷക്കാസ്പദമായ സ്ഥലം വില്ലേജ് റിക്കാർഡ് പ്രകാരം തണ്ടപ്പേർ നമ്പർ 278-ൽ കീരിക്കാട് തെക്കുമുറി സാധുപുരത്ത് വീട്ടിൽ ഗായത്രീദേവിയുടെ പേരിലാണ്. ടി വസ്തു 40 വർഷമായി ശ്രീ.ചോതിരാഘവന്റെ കൈവശത്തിലാണ്. ടി വസ്തുവിന് 1975-ൽ ചേർത്തല ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർ 2128/75 നമ്പരായി പട്ടയം അനുവദിച്ച് നൽകിയിരുന്നതാണ്. എന്നാൽ ടി പട്ടയത്തിന്റെ പകർപ്പ് ടിയാന്റെ കൈവശമില്ല. ചേർത്തല ലാൻഡ് ട്രൈബ്യൂണൽ ഓഫീസിൽ നിന്നും പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കി കാർത്തികപ്പള്ളി താലൂക്ക് എൽ.ആർ.എം. വിഭാഗം മുഖേന പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന വിവരം ബന്ധപ്പെട്ട കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ